**മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ**

**(1) ലിസ്റ്റ് 1 പ്രകാരം**

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

മൂന്നാമത് കേരള പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ 2012-13 -ലെ മൂന്നാമത് റിപ്പോർട്ട് (ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം).

**(2) ചട്ടം 47(2) അനുസരിച്ചുള്ള ലിസ്റ്റ് II പ്രകാരം**

1. മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിലെ 1781, പതിനൊന്നാം സമ്മേളനത്തിലെ 73 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

2. ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 5010, പത്താം സമ്മേളനത്തിലെ 244, 248 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

## അധിക ധനാഭ്യർത്ഥനകളിലെ സ്റ്റേറ്റ്മെന്റിലെ തിരുത്ത്

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2014 ഡിസംബർ 12-ാം തീയതി സഭയുടെ മേശപ്പുറത്തുവച്ച 2009-10 വർഷത്തേയ്ക്കുള്ള അധികധനാഭ്യർത്ഥകളുടെ സ്റ്റേറ്റ്മെന്റിൽ പേജ് നമ്പർ 4, 10 എന്നിവയിൽ ധനാഭ്യർത്ഥന നമ്പർ " XXXIV- Forest and Wild life" എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് " XXXIV- Forest" എന്ന് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.